**THE STATE ELECTRICITY OMBUDSMAN**

D.H. Road & Foreshore Road Junction, Near Gandhi Square,
Ernakulam, Kerala-682 016
Ph: 0484 2346488, Mob: 8714356488
www.keralaeo.org  Email: ombudsman.electricity@gmailgmail.com


# അപ്പീൽ പരാതി നമ്പർ: P/029/2023

**(സാന്നിദ്ധ്യം: എ. ചന്ദ്രകുമാരൻ നായർ)**
**തീയതി: ആഗസ്റ്റ് -01- 2023**

| | | |
|---|---|---|
| പരാതിക്കാരൻ | : | ശ്രീ. സുഷാദ് പി, പുളിക്കത്തറ, കല്ലൂർമ, നന്നമുക്ക് സൗത്ത് പി.ഒ., മലപ്പുറം ജില്ല. |
| എതിർകക്ഷി | : | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, ഇലക്ട്രിക്കൽ സബ് ഡിവിഷൻ, കെ. എസ്. ഇ. ബി ലിമിറ്റഡ്., എടപ്പാൾ, മലപ്പുറം ജില്ല. |

## ഉത്തരവ്

## പരാതിയുടെ പശ്ചാത്തലം

പരാതിക്കാരനായ ശ്രീ. സുഷാദ് ചങ്ങരംകുളം ഇലക്ട്രിക് സെക്ഷന്റെ പരിധിയിൽ വരുന്ന നന്നമുക്ക് ദേശത്ത് 17 സെന്റ് വസ്തു സ്വന്തമാക്കിയിട്ടുണ്ട്. ഈ സ്ഥലത്ത് വീട് നിർമ്മിക്കുന്നതിന് വേണ്ടി പ്രസ്തുത സ്ഥലത്തിനു മുകളിൽ കൂടി സ്ഥാപിച്ചിട്ടുള്ള 3 ഫെയ്സ് ഇലക്ട്രിക് ലൈൻ മാറ്റി സ്ഥാപിക്കുന്നതിന് ലൈസൻസിയുടെ സെക്ഷൻ ഓഫീസിൽ പരാതി നൽകിയിട്ടും ലൈൻ മാറ്റി സ്ഥാപിച്ചിട്ടില്ല. സ്ഥല ഉടമയുടെ അറിവോ സമ്മതമോ കൂടാതെ ഈ ലൈൻ വളരെ മുൻപേ സ്ഥാപിച്ചിട്ടുള്ളതിനാൽ ലൈസൻസി സ്വന്തം ചെലവിൽ മാറ്റേണ്ടതാണ് എന്നാണ് പരാതിക്കാരന്റെ വാദം. ലൈസൻസി ലൈൻ മാറ്റുന്നതിന് ആവശ്യമായ തുക അടയ്ക്കണം എന്ന് ആവശ്യപ്പെട്ടെങ്കിലും അതിനു പരാതിക്കാരൻ തയ്യാറായിട്ടില്ല. പരാതി സി ജി ആർ എഫിൽ സമർപ്പിക്കുകയും അതിന് CGRF (No:128/22-23) 31/03/2023 ൽ ഉത്തരവ് ഇറക്കുകയും ചെയ്തു. ആ ഉത്തരവിന്റെ അപ്പീൽ ആയിട്ടാണ് ഈ പരാതി ഓംബുഡ്സ്മാനു സമർപ്പിച്ചിട്ടുള്ളത്.

## പരാതിക്കാരന്റെ വാദം

1. ചങ്ങരംകുളം ഇലക്ട്രിക് സെക്ഷൻ പരിധിയിൽ എന്റെ പൂർണ്ണമായ ഉടമസ്ഥതയിലും കൈവശത്തിലുമുള്ള 17 സെന്റ് സ്ഥലത്തിൽ ഒരു വീട് നിർമ്മിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചപ്പോൾ, പ്രസ്തുത സ്ഥലത്തിനു മുകളിൽ ഒരു ത്രിഫേസ് ഇലക്ട്രിക് ലൈനും സർവ്വീസ് ലൈനുകളും ഉള്ളതു കൊണ്ട് നിർമ്മാണ പ്രവൃത്തിക്കുള്ള പ്ലാൻ പഞ്ചായത്തിൽ സമർപ്പിക്കാൻ കഴിയാതെ വരികയും ആയതിനാൽ തടസ്സുമുള്ള വൈദ്യുതി കമ്പികൾ ഒഴിവാക്കുന്നതിനായി 20.03.2021 ന് ബന്ധപ്പെട്ട കെ.എസ്.ഇ.ബി സെക്ഷൻ ഓഫീസിൽ അപേക്ഷ നൽകിയിട്ടും തുടർന്ന് പലതവണ പരാതികൾ നൽകിയിട്ടും രണ്ടുവർഷം കഴിഞ്ഞിട്ടും നിർമ്മാണ പ്രവൃത്തികൾക്ക് തടസ്സമായ വൈദ്യുതി കമ്പികൾ ഒഴിവാക്കി തരുകയുണ്ടായില്ല.

2. പറമ്പിന്റെ മദ്ധ്യത്തിലൂടെ അതിർത്തി വരെ ഒരു ത്രീഫേസ് ലൈൻ വന്നു നിൽക്കുന്നുണ്ട്. മേൽ പറഞ്ഞ സ്ഥലത്തിലൂടെ 2 സർവ്വീസ് ലൈൻ വലിച്ച് 2 ഗുണഭോക്താക്കൾക്ക് സ്ഥലം ഉടമയുടെ അറിവോ സമ്മതമോ കൂടാതെയാണ് കെ.എസ്.ഇ.ബി. കണക്ഷൻ നൽകിയിട്ടുള്ളത്. ആവശ്യമായ സമ്മതപത്രം വാങ്ങിയിട്ടില്ല എന്ന് വിവരാവകാശ നിയമപ്രകാരം ലഭിച്ച മറുപടിയിൽ വ്യക്തമാക്കപ്പെട്ടതാണ്. എനിക്ക് യാതൊരു തരത്തിലും ഉപകാരമോ ഉപയോഗമോ ഇല്ലാത്തതും ആവശ്യമായ സമ്മതപത്രം ഇല്ലാതെ വലിച്ചതുമായ ഇലക്ട്രിക്ക് ലൈൻ എനിക്ക് വീടു നിർമ്മിക്കുന്ന ആവശ്യത്തിലേക്കായി ഒഴിവാക്കി തരണമെന്നും ആയത് കെ.എസ്.ഇ.ബി അധികൃതർ അവരുടെ ഉത്തരവാദിത്വത്തിൽ തന്നെ ചെയ്യണമെന്നും ഇതിനാവശ്യമായ രേഖകളോ പൈസയോ ലഭ്യമാക്കേണ്ട യാതൊരു ചുമതലയും ഉത്തര വാദിത്വവും ബാദ്ധ്യതയും എനിക്ക് ഇല്ലാത്തതുമാണ് എന്നാണ് ഞാൻ ബഹു. CGRF മുമ്പാകെ ബോധിപ്പിച്ചത്. ഇതു സംബന്ധിച്ച വസ്തുതകൾ ബഹു. കോടതിയുടെ അനുകൂല ഉത്തരവിനായി ഒരിക്കൽ കൂടി വിശദീകരിക്കുന്നു.

3. ഈ അപേക്ഷയ്ക്ക് ആസ്പദമായ ഇലക്ട്രിക്ക് ലൈൻ എനിക്ക് ആവശ്യമോ ഉപയോഗമോ ഇല്ലാത്തതാണ്. ഞാൻ അതിന്റെ ഉപഭോക്താവല്ല. അതുകൊണ്ടു തന്നെ ഇന്ത്യൻ ഇലക്ട്രിസിറ്റി ആക്റ്റ് 1910, കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി സപ്ലൈ കോഡ് 2014 തുടങ്ങിയ

നിയമങ്ങളിൽ പ്രതിപാദിക്കുന്ന "ഉപഭോക്താവ്" ആയി എന്നെ കണക്കാക്കാവുന്നതല്ല.

4. ലൈൻ മാറ്റുന്നതിന് സമർപ്പിച്ച അപേക്ഷയ്ക്ക് കെ.എസ്.ഇ.ബി അധികൃതർ നൽകിയ മറുപടികളിലെല്ലാം KSEB Supply Code 2014 ലെ റഗുലേഷൻ 95(4)(b)(c) പാലിച്ചാൽ മാത്രമേ ലൈൻ മാറ്റി സ്ഥാപിക്കാൻ സാധിക്കുകയുള്ളു എന്നാണ് പറഞ്ഞിട്ടുള്ളത്. എന്നാൽ ഈ കാര്യങ്ങൾ എന്നെ സംബന്ധിച്ച് ബാധകമല്ല. ഒരു ഉപഭോക്താവ് തന്റെ സ്ഥലത്തു കൂടി തന്റെ ആവശ്യത്തിനായി വലിച്ചിട്ടുള്ള ഒരു ലൈൻ ഏതെങ്കിലും വിധത്തിൽ അസൗകര്യമുണ്ടാവുന്ന സംഗതിയിൽ മേൽപറഞ്ഞ 4(b) റഗുലേഷൻ പ്രകാരം തന്റെ പറമ്പിന്റെ ഒരു ഭാഗത്തേയ്ക്കോ, വേറെ സ്വന്തം സ്ഥലമുണ്ടെങ്കിൽ അതിലേയോ പൊതുറോഡ്/വഴി യിലേയക്കാ മാറ്റേണ്ട ആവശ്യത്തിനാണ് ടിയാന്റെ അപേക്ഷയും സമ്മതപ്രതവും ആവശ്യമായിട്ടുള്ളത്. എന്നാൽ നിലവിലുള്ള മറ്റ് രണ്ട് ഗുണഭോക്താക്കളുടെ വീടുകളിലേക്ക് കണക്ഷൻ നൽകുന്നതിനാണ് അവരുടെ സ്ഥലത്തുകൂടി ലൈൻ വലിക്കുന്നതിനായി കെ.എസ്.ഇ.ബി. അധികൃതർ റഗുലേഷൻ 95(4)(a) പ്രകാരം ഫീസിബിലിറ്റിയനുസരിച്ച് 29024 രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ളത്. അതിനാൽ തന്നെ മേൽ പറഞ്ഞ ഉപഭോക്താക്കളുടെ സ്വന്തം സ്ഥലത്തു കൂടി ഇപ്രകാരം ലൈൻ വലിക്കേണ്ടതിന് സമ്മതപത്രം വാങ്ങേണ്ട ആവശ്യമില്ല. അതിന്റെ യാതൊരു ചുമതലയും ബാദ്ധ്യതയും എനിക്ക് ഇല്ലാത്തതുമാണ്. ഒരു ഉപഭോക്താവിന് സ്വന്തം സ്ഥലത്തു കൂടി കണക്ഷൻ നൽകുമ്പോൾ അവരുടെ സമ്മതപത്രം വേണമെന്ന് നിഷ്കർഷിക്കുന്നത് ആവശ്യമില്ലാത്തതാണ്. റഗു.95 4(b) പ്രകാരം ഉള്ള ഒരു അപേക്ഷകനല്ല ഞാൻ എന്നതു കൊണ്ടു തന്നെ പ്രവത്തിക്ക് ആവശ്യമായ എസ്റ്റിമേറ്റ് പ്രകാരമുള്ള തുക അടവാക്കാൻ ഞാൻ ബാദ്ധ്യസ്ഥനല്ല എന്ന് ബോധിപ്പിക്കുന്നു.

5. ഞാനും എന്റെ അച്ഛനും എതിർകക്ഷിയുടെ ജീവനക്കാരെ പ്രസ്തുത ലൈനിന്റെ അറ്റകുറ്റപ്പണികൾ നടത്തുന്നതിനും മറ്റും തടസ്സപ്പെടുത്തി എന്ന പ്രസ്താവന ശരിയല്ല. അത്തരം ഒരു നടപടിയും എന്റെയോ അച്ഛൻ ശ്രീ.സുബ്രഹ്മണ്യന്റെയോ ഭാഗത്തു നിന്നും ഉണ്ടായിട്ടില്ല.

ഞാൻ വീടിനടുത്തുള്ള ഒരു സ്ഥാപനത്തിൽ ചെറിയ ജോലി ചെയ്ത് ഉപജീവനം നടത്തുന്ന ഒരാളാണ്. അച്ഛനോടൊപ്പം ജീവിച്ചുവരുന്നു. ബാങ്കിൽ നിന്നും ലോണെടുത്ത് പ്രസ്തുത സ്ഥലത്ത് ഒരു ചെറിയ വീടു

വയ്ക്കണമെന്ന ഉദ്ദേശത്തിലാണ്. ഇത്രയും വലിയ ഒരു തുക അടവാക്കി വൈദ്യുതി ലൈൻ മാറ്റാനുള്ള സാമ്പത്തികശേഷി എനിക്കില്ലാത്തതാണ്.

6. അപേക്ഷകനായ എന്റെ സ്ഥലത്തിന് മുകളിലുള്ള ഇലക്ട്രിക് കമ്പികൾ ഒഴിവാക്കി ഉപഭോക്താക്കളുടെ സ്വന്തം സ്ഥലത്തു കൂടി വലിച്ച് കണക്ഷൻ നൽകാൻ കഴിയുന്നതുകൊണ്ട് ഇതൊരു പ്രത്യേക കേസായി പരിഗണിക്കുന്നതിനായി താഴെ പറയുന്ന കാര്യങ്ങൾ അങ്ങയുടെ അറിവിലേക്കായി ബോധിപ്പിക്കുന്നു.

അപേക്ഷകൻ ഈ ലൈനിന്റെ ഒരു കൺസ്യൂമർ ആണെന്ന് എതിർകക്ഷിയുടെ വിശദീകരണത്തിൽ പറയുന്നു. ആയത് ശരിയല്ല. അപേക്ഷകൻ കൺസ്യൂമർ അല്ല.

2014 കെ.എസ്.ഇ.ബി Supply Code റെഗുലേഷന്റെ 95-ാം ഖണ്ഡികയിൽ പരാമർശിച്ച സംഗതികൾ എന്റെ അപേക്ഷയിൽ വരുന്നതല്ല. മേപ്പടി വകുപ്പ് ഒരു ഉപഭോക്താവ് തന്റെ വസ്തുവിലുള്ള നിലവിലുള്ള കണക്ഷനു വേണ്ടി വലിച്ച ലൈൻ തന്റെ സാകര്യാർത്ഥം മാറ്റുന്നതിനെ സംബന്ധിച്ചാണ്. ഈ അപേക്ഷയ്ക്ക് കാരണമായ ലൈൻ മറ്റ് രണ്ട് ഗുണഭോക്താക്കളുടെ കണക്ഷനുമായി ബന്ധപ്പെടുന്നതാണ്. ഈ കാരണത്താലാണ് ഇത് ഒരു പ്രത്യേക കേസായി പരിഗണിക്കാൻ അപേക്ഷിക്കുന്നത്.

അപേക്ഷയിൽ പറയുന്ന വൈദ്യുതി ലൈൻ സ്ഥല ഉടമയുടെ അറിവോ സമ്മതമോ ഇല്ലാതെയാണ് കെ.എസ്.ഇ.ബി. വലിച്ചിരിക്കുന്നത്.

കണക്ഷൻ ലഭിക്കേണ്ട മറ്റ് രണ്ട് ഗുണഭോക്താക്കളുടെ സ്വന്തം സ്ഥലത്തു കൂടി എസ്റ്റിമേറ്റ് പ്രകാരം ലൈൻ വലിക്കുന്നതിന് സമ്മതപത്രം വാങ്ങുന്നതിനും ഫണ്ട് ചിലവഴിക്കുന്നതിനും ഞാൻ ബാദ്ധ്യസ്ഥനല്ലാ എന്ന് ബോധിപ്പിക്കുന്നു.

യഥാർത്ഥ കൺസ്യൂമർമാരുടെ സ്വന്തം സ്ഥലത്തു കൂടി ലൈൻ മാറ്റി സ്ഥാപിക്കുന്ന പ്രവൃത്തി ചെയ്യുന്നതിനായി കെ.എസ്.ഇ.ബി. അധികൃതർ 29024 രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിരിക്കുകയാണ്.

അപേക്ഷകനായ ഞാൻ സാമ്പത്തികമായി പ്രയാസം അനുഭവിക്കുന്ന വ്യക്തിയാണ്.

സ്വന്തം സ്ഥലത്ത് വീടുപണിയുക എന്നത് സ്ഥലമുടമയുടെ അവകാശമാണ്. ഉടമയുടെ അറിവോ സമ്മതമോ ഇല്ലാതെ

ഇലക്ട്രിക് ലൈൻ വലിച്ചതു കൊണ്ട് എന്റെ ഈ അവകാശം ലംഘിക്കപ്പെട്ടിരിക്കുകയാണ്. ആയതുകൊണ്ട് ഈ ലൈൻ മാറ്റി തരേണ്ടത് കെ.എസ്.ഇ.ബി യുടെ ഉത്തരവാദിത്വമാണ്. വൈദ്യുതി ലൈൻ മാറ്റി സ്ഥാപിക്കുന്നതിന്റെ വർക്ക് ഡെപ്പോസിറ്റ് തുക ടി

ലൈനിന്റെ ഗുണഭോക്താക്കൾ അടവാക്കാത്തതു കൊണ്ട് മാത്രമാണ് പ്രസ്തുത വൈദ്യുതി ലൈൻ മാറ്റി സ്ഥാപിക്കാത്തതെന്നാണ് എതിർ ക്ഷിയുടെ വിശദീകരണത്തിൽ പറഞ്ഞിരിക്കുന്നത്. എന്നാൽ മേപ്പടി 2 ഗുണഭോക്താക്കളിൽ നിന്ന് തുക ഈടാക്കുന്നതിനുള്ള ഒരു നടപടിയും സ്വീകരിച്ചതായി കാണുന്നില്ല. മാത്രമല്ല ഇലക്ട്രിക് കണക്ഷൻ (low tension) ഉടമ്പടി VI5 close 8 പ്രകാരം ഉപഭോക്താക്കൾ കണക്ഷൻ ലഭിക്കുന്ന സമയത്തെ ഉടമ്പടിയിൽ പറയുന്ന കാര്യങ്ങൾ ചുവടെ ചേർക്കുന്നു.

"താഴെ പട്ടികയിൽ പറഞ്ഞ സ്ഥലത്തിലേക്ക് വൈദ്യുതി കണക്ഷൻ നൽകുന്നതിന് വലിക്കുന്ന ലൈൻ പിന്നീട് ഒരു ഘട്ടത്തിൽ വ്യതിചലിക്കേണ്ടി വന്നാൽ ആയതിന് വേണ്ടി വരുന്ന മുഴുവൻ ചിലവും ഉപഭോക്താവ് വഹിക്കണമെന്ന് സമ്മതിക്കുന്നു. ബോർഡിന്റെ നിയന്ത്രണത്തിന് അതീതമായ കാരണങ്ങളാൽ അപ്രകാരം മറ്റൊരു മാർഗ്ഗത്തിൽ കൂടി വൈദ്യുതി ബന്ധം നിലനിർത്താൻ കഴിയാതെ വന്നാൽ വൈദ്യുതി കണക്ഷൻ വി വിച്ഛേദിക്കുന്നതിന് ഉപഭോക്താവ് ഇതിനാൽ സമ്മതിച്ചിരിക്കുന്നു" .

ഈ വ്യവസ്ഥകൾ പാലിച്ചു കൊണ്ടാണ് കൺസ്യൂമർമാർ കരാർ വെച്ച് കണക്ഷൻ വാങ്ങിയിരിക്കുന്നത്. ആയതിനാൽ ലൈൻ മാറ്റി സ്ഥാപിക്കുന്നതിന് ആവശ്യമായ മുഴുവൻ ചിലവും കൺസ്യൂമർമാർ തന്നെ വഹിക്കണമെന്നതാണ് നിയമം. ആയതിനാൽ ഞാൻ യാതൊരു തരത്തിലും അവരിൽ നിന്ന് സമ്മതപത്രം വാങ്ങിക്കുന്നതിനോ പണം ചിലവഴിക്കുന്നതിനോ ബാദ്ധ്യസ്ഥനല്ലാത്തതാണ്.

7. മേൽ പറഞ്ഞ വസ്തുതകൾ ദയാപൂർവ്വം പരിഗണിച്ച് സ്വന്തമായി ഒരു വീട് പണിയുക എന്ന ദീർഘകാലമായുള്ള ആഗ്രഹം സഫലീകരിക്കുന്നതിനും വേണ്ടി കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിന്റെ സ്വന്തം ഉത്തരവാദിത്വത്തിൽ ആയതിന് തടസ്സമായി നിൽക്കുന്ന വൈദ്യുത കമ്പികൾ ഒഴിവാക്കി തരുന്നതിന് ആവശ്യമായ ഉത്തരവ് ഉണ്ടാകണമെന്ന് അങ്ങയോട് വിനീതമായി അപേക്ഷിക്കുന്നു.

## എതിർക്കക്ഷിയുടെ വാദം

1. ഞാൻ സുനിൽ എം S/o ഗോവിന്ദൻ നായർ അസിസ്റ്റന്റ് എഞ്ചിനീയർ ഇൻ ചാർജ് ഇലക്ട്രിക്കൽ സബ്ഡിവിഷൻ എടപ്പാൾ. സ്വന്തം നിലക്കും രണ്ടാം എതിർകക്ഷിക്ക് വേണ്ടിയും സത്യത്തിന്മേൽ ബോധിപ്പിക്കുന്നത്.

   പ്രസ്താവന മുഴുവൻ ശരിയല്ല 20-03-2023-ന് രണ്ടാം എതിർകക്ഷിക്ക് നൽകിയ പരാതിയിൽ പരിശോധന നടത്തി വൈദ്യുതി ലൈൻ മാറ്റിസ്ഥാപിക്കുന്നതിനുള്ള എസ്റ്റിമേറ്റ് തുക അടക്കുന്നതിന് പരാതിക്കാരനെ അറിയിച്ചിട്ടുണ്ട് കൂടാതെ തുടർന്നും ലഭിച്ച എല്ലാ പരാതികൾക്കും കൃത്യ, സമയത്തു തന്നെ മറുപടി നൽകിയിട്ടുണ്ട്. ലൈൻ മാറ്റി സ്ഥാപിക്കാനാവിശ്യമായ എസ്റ്റിമേറ്റ് തുക പരാതിക്കാരൻ അടവാക്കേണ്ടതാണ് കാരണം.

2. പരാതിയിൽ പ്രതിപാദിക്കുന്ന 3-ഫേസ് ലൈൻ ഉദ്ദേശം 40 വർഷത്തോളമായി നിലനിൽക്കുന്നതാണ്. ഇതിൽ നിന്നും കൺസ്യൂമർ നമ്പർ 976 ,12701 എന്നിങ്ങനെ യഥാക്രമം മാർച്ച് 1979 ലും ജനുവരി 2003ലും നൽകിയ രണ്ട് ഗാർഹിക കണക്ഷനുകൾ നിലനിൽക്കുന്നുണ്ട്. അന്വേഷണത്തിൽ ഈ കാലങ്ങളിൽ പരാതിക്കാരന്റെ ഉടമസ്ഥതയിലുള്ള പറമ്പും ഗാർഹിക കണക്ഷൻ നിലനിൽക്കുന്ന പറമ്പും ഒന്നിച്ചു കിടക്കുന്നവയായിരുന്നതിനാൽ വൈദ്യുതി കണക്ഷൻ ന് പ്രസ്തുത സമ്മതപത്രം ആവിശ്യവുമില്ല. പരാതിക്കാരന്റെ കൈവശമുള്ള പറമ്പ് പിന്നീട് വൈദ്യുതിലൈൻ നിലനിൽക്കെ തന്നെ ഇദ്ദേഹം വാങ്ങിയതാണ്.

3. KSERC 2014 റെഗുലേഷൻ 2(6) പ്രകാരം വൈദ്യുതി ലൈൻ മാറ്റി സ്ഥാപിക്കുന്നതിന് അപേക്ഷകൻ വൈദ്യുതി ലൈൻ നിലനിൽക്കുന്ന ഭാഗത്തെ ഉപഭോക്താകണമെന്ന് നിർബന്ധമില്ല.

   നിലവിൽ KSERC 2014 റെഗുലേഷൻ 95(4) A,B,C ക്ക് അനുസൃതമായാണ് ഇത്തരം അപേക്ഷകൾ പരിഗണിക്കുന്നത്. പ്രസ്തുത റെഗുലേഷൻ പ്രകാരം താഴെ പറയുന്ന നിബന്ധനകൾക്കനുസൃതമായെ ഇത്തരം പ്രവർത്തികൾ ഏറ്റെടുത്തു നടത്താറുള്ളൂ.

a. ലൈൻ മാറ്റിസ്ഥാപിക്കാൻ കഴിയുന്നതാകണം.
b. അപേക്ഷകൻ/ ഉടമസ്ഥൻ സ്വന്തം സ്ഥലത്തുതന്നെ അനുയോജ്യമായ ഭാഗത്തേക്കോ പൊതു വഴിയുണ്ടെങ്കിൽ അങ്ങോട്ടോ മാറ്റാനുള്ള സമ്മതപത്രം നൽകണം .
c. അപേക്ഷകൻ ഇതിന് വരുന്ന ചിലവ് അടവാക്കണം .

എന്നാൽ പരാതിക്കാരൻ ലൈൻ മാറ്റി സ്ഥാപിക്കുന്നതിന് അനുയോജ്യമായ സ്ഥലം ലഭ്യമാണെങ്കിലും ഇതിന് വരുന്ന ചെലവ് വഹിക്കാൻ തയ്യാറല്ല.

ലൈൻ മാറ്റി സ്ഥാപിക്കേണ്ടത് 3 അടിയിൽ താഴെ മാത്രം വീതിയുള്ള ഗാർഹിക ഉപഭോക്തക്കളുടെ വഴിയിലൂടെയാണ്. ഈ രണ്ട് ഉപഭോക്താക്കളിൽ ഒരാൾ മുച്ചക്ര വാഹനം ഉപയോഗിക്കുന്ന ഭിന്ന ശേഷിക്കാരനായതിനാൽ വഴിയിൽ പോസ്റ്റ് സ്ഥാപിക്കുന്നത് സഞ്ചാരത്തിന് ബുദ്ധിമുട്ടാകുമെന്നതിനാൽ മാറ്റിയിടുന്ന പോസ്റ്റ് പരാതിക്കാരന്റെ മതിലിനകത്തും ലൈൻ വഴിയിലൂടെയും സ്ഥാപിക്കാമെന്ന ധാരണയിൽ ആണ് എസ്റ്റിമേറ്റ് തയ്യാറാക്കി നൽകിയത് എന്നാൽ ഇതും പരാതിക്കാരൻ സ്വീകാര്യമല്ല.

4. 20-03-2021-ന് പ്രസ്തുത ലൈൻ അറ്റകുറ്റ പണികൾ നടത്തുന്നത് എതിർകക്ഷികൾ തടയുകയും തുടർന്ന് ബഹു. കോഴിക്കോട് CGRF ന്റെ നിർദ്ദേശ പ്രകാരം ലൈനിലെ അറ്റകുറ്റ പണികൾ നിർവഹിച്ചിട്ടുള്ളതുമാണ്.

KSERC 2014 റെഗുലേഷൻ 95(4 c) പ്രകാരം വൈദ്യതി ലൈൻ മാറ്റി സ്ഥാപിക്കുന്നതിന് വരുന്ന ചിലവ് അപേക്ഷകൻ അടവാക്കണം.

5. KSERC 2014 റെഗുലേഷൻ 2(6) പ്രകാരം പരാതിക്കാരൻ ഈ ലൈൻ മാറ്റിസ്ഥാപിക്കുന്നതിനുള്ള അപേക്ഷകനാണ്.

പ്രസ്തുത ലൈൻ വർഷങ്ങൾക്ക് മുൻപ് സ്ഥാപിക്കപെട്ടതും പരാതിക്കാരന്റെ ഉടമസ്ഥതയിലുള്ള പറമ്പും ഗാർഹിക കണക്ഷൻ നിലനിൽക്കുന്ന പറമ്പും ഒന്നിച്ചു കിടക്കുന്നവയായിരുന്നതിനാൽ വൈദ്യതി കണക്ഷന് പ്രസ്തൂത സമ്മതപത്രം ആവിശ്യവുമില്ല. പരാതിക്കാരന്റെ കൈവശമുള്ള പറമ്പ് പിന്നീട് വൈദ്യുതി ലൈൻ

നിലനിൽക്കെ തന്നെ ഇദ്ദേഹം വാങ്ങിയതാണ് ആയതിനാൽ (30 2014 റെഗുലേഷൻ 95 (1) പ്രകാരമാണ് ഈ അപേക്ഷ പരിഗണിക്കുന്നത്.

KSERC 2014 റെഗുലേഷൻ 95 (4 c) പ്രകാരം വൈദ്യുതി ലൈൻ മാറ്റി സ്ഥാപിക്കുന്നതിനാവശ്യമായ ചെലവ് അപേക്ഷകൻ വഹിക്കേണ്ടതാണ്.

അപേക്ഷകന്റെ ആവിശ്യ പ്രകാരമാണ് ലൈൻ മാറ്റിവെക്കുന്നതിന് 29024 /-രൂപ യുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയത്.

## പരാതിക്കാരന്റെ എതിർ വാദം

1. എതിർകക്ഷി സമർപ്പിച്ച statement of facts ലെ ഖണ്ഡിക 05 ലെ പ്രസ്താവന തികച്ചും സത്യവിരുദ്ധമാണ്. എന്റെ ഉടമസ്ഥയിലുള്ള മേൽപറഞ്ഞ സ്ഥലവും ഗാർഹികകണക്ഷനുകൾ നൽകിയ വീടുകൾ സ്ഥിതി ചെയ്യുന്ന പറമ്പും ഒന്നിച്ചു കിടന്നിരുന്നതിനാലാണ് വൈദ്യുതി കണക്ഷൻ നൽകുന്നതിന് ലൈൻ വലിക്കാൻ സമ്മതപത്രം ആവശ്യമില്ല എന്നു, പറയുന്നത് തികച്ചും തെറ്റാണ്. മേൽപറഞ്ഞ രണ്ടുപറമ്പുകളും ഒന്നിച്ചു കിടന്നിരുന്ന joint property അല്ലാത്തതാണ്. ഈ രണ്ട് പുരയിടങ്ങളും തമ്മിൽ യാതൊരു ബന്ധവും ഇല്ലാത്തതാണ്. ഗാർഹിക കണക്ഷൻ നൽകിയിട്ടുള്ള രണ്ട് വീട്ടുടമസ്ഥരും വടക്കെ പുരയ്ക്കൽ തറവാട്ടിലെ അംഗങ്ങളും ഇപ്പോൾ എന്റെ ഉടമസ്ഥതയിലുള്ള സ്ഥലം എനിക്ക് തീറു തന്ന വക്തി പുളിക്കത്ര തറവാട്ടുകാരനുമാണ്. അതുകൊണ്ടു തന്നെ ഇത് joint property അല്ല എന്നു വ്യക്തമാണ്.

2. 1918-ലെ 3352 നമ്പർ ആധാരപ്രകാരം കറപ്പന് സിദ്ധിച്ചതും, അദ്ദേഹം മരണപ്പെട്ടപ്പോൾ അദ്ദേഹത്തിന്റെ ഏക സന്തതിയായ കറപ്പൻ എന്ന അപ്പുകുട്ടന് സിദ്ധിച്ച വഹകളും, ടി കറപ്പൻ എന്ന അപ്പുകുട്ടൻ മണ്ടുമ്പാൽ വറീതിന്റെ പക്കൽ നിന്ന് 1945-ലെ 1540 ആധാര പ്രകാരം വാങ്ങിയ വഹകളും (കുന്നിശ്ശേരി കുടിയിരിപ്പ് പറമ്പ്. നമ്പർ. 158/9 ൽ പെട്ടതും ഇലക്ട്രിക് ലൈൻ നിൽക്കുന്നതുമായ സ്ഥലം) കൂടി ടി കറപ്പൻ എന്ന അപ്പുക്കുട്ടന്റെ മക്കൾ 2014-ലെ 1958- നമ്പർ ആധാരപ്രകാരം ഭാഗിച്ചു പിരിഞ്ഞതിൽ അവകാശിയായ പുളിക്കത്ര ഗിരീശൻ എന്നയാൾ 2016-ലെ 624-0ം നമ്പർ ആധാരപ്രകാരം എനിക്കു തീറു തന്നതാണ്. നിലവിലെ ഇലക്ട്രിക് ലൈനിൽ നിന്നും ഗാർഹിക കണക്ഷൻ നൽകിയിട്ടുള്ള രണ്ടു വീടും വടക്കെ പുരയ്ക്കൽ തറവാട്ടിലെ അംഗങ്ങളും ജ്യേഷ്ഠാനുജന്മാരുമായ രണ്ട് വ്യക്തികളുടേതാണ്. ഇട്ടമ്മ എന്നവർ Plot1 മകനായ വടക്കെ പ പുരയ്ക്കൽ പരമേശ്വരനും, Plot 2 ടിയാരിയുടെ മകൻ ഭാസ്കരന്റെ ഭാര്യ സരസ്വതിക്കും നൽകിയതാണ്.

പ്രസ്തുത ഇലക്ട്രിക് ലൈൻ നിൽക്കുന്ന സ്ഥലം എനിക്ക് തീറു തന്ന പ്രകാരം പട്ടികയിലെ വഹകളിന്മേൽ യാതൊരു കടങ്ങളും അവകാശ ബാദ്ധ്യതകളും കോർട്ട് ജപ്തി ജാമ്യ ബാദ്ധ്യതകളും സീലിംഗ് കേസുകളും യാതൊന്നും ഇല്ലെന്ന് ഉത്തമവിശ്വാസപ്പെടുത്തി തീരു തന്നിട്ടുണ്ട്. ആയതിനാൽ കാലപ്പഴക്കം സ്ഥാപിക്കുന്നത് ശരിയല്ലാത്തതാണ്.

3. വസ്തുതകൾ മേൽ പറഞ്ഞതാണെന്നിരിക്കെ പരാതിക്കാന്റെ പറമ്പും ഗാർഹിക കണക്ഷൻ നൽകിയിട്ടുള്ള മറ്റു രണ്ടു പ്ലോട്ടുകളും നേരത്തെ ഒന്നായി, ജോയിന്റ് പ്രോപ്പർട്ടിയായി കിടന്നിരുന്നു എന്നതിനാൽ സമ്മതപത്രം ആവശ്യമില്ലാത്തതായിരുന്നു എന്ന പ്രസ്ഥാവന ശരിയല്ല. അതുകൊണ്ടു തന്നെ ജോയിന്റ് പ്രോപ്പർട്ടിയല്ലാത്ത ഒരു വസ്തുവിലൂടെ വേറെ 2 ഗുണഭോക്താക്കൾക്ക് കണക്ഷൻ നൽകുന്നതിനായി വൈദ്യുതി ലൈൻ വലിക്കുന്നതിന് അന്നത്തെ ഉടമയിൽ നിന്ന് സമ്മതപത്രം ലഭ്യമാക്കേണ്ടതായിരുന്നു. ഇപ്രകാരം നിയമം അനുശാസിക്കുന്ന വിധത്തിലുള്ള സമ്മതപത്രം ലഭ്യമാക്കാത്തത് തെറ്റായ നടപടിയാണ്. ഇങ്ങനെ അനധികൃതമായി ഇലക്ട്രിക് ലൈൻ വലിച്ചത് സ്വമേധയാ മാറ്റിത്തരേണ്ടത് കെ.എസ്.ഇ.ബി യുടെ ഉത്തരവാദിത്തമാണ്.

4. ഖണ്ഡിക 6 ലെ പ്രസ്താവനയെ ഞാൻ നിഷേധിക്കുന്നു. ഇത് ഒരു പ്രത്യേക കേസായതിനാൽ KSERC 2014 റഗുലേഷൻ 2(6) പ്രകാരം നിർവ്വചിച്ചിട്ടുള്ള ഒരു applicant ആയി എന്നെ കണക്കാക്കാവുന്നതല്ല. ഞാൻ പ്രസ്തുത ഇലക്ട്രിക് ലൈനുമായി ബന്ധപ്പെട്ട ഒരു ഉപഭോക്താവ് അല്ലാത്തതും ആയതിൽ നിന്നും യാതൊരു സേവനവും കൈപ്പറ്റാത്തതും ആയതിനാൽ മേൽ പറഞ്ഞ റഗുലേഷൻ 2(6) പ്രകാരമുള്ള യാതൊരു നിബന്ധനകളും എന്നെ ബാധിക്കാത്തതാണ്. അതുകൊണ്ടു തന്നെ ലൈസൻസിയുമായി യാതൊരു തരത്തിലും ബന്ധമില്ലാത്തതുമായ വ്യക്തിയാണ്. ഞാൻ ഒരു, ഉപഭോക്താവല്ലാത്തതിനാൽ ലൈസൻസിയുമായി ഒരു കരാറിലും ഏർപ്പെട്ടിട്ടില്ല. ഇപ്രകാരം മറ്റു ചില ഉപഭോക്താക്കൾക്ക് കണക്ഷൻ കൊടുക്കേണ്ട ആവശ്യത്തിന് മാത്രമായി എന്റെയോ മുൻ സ്ഥലമുടമയുടെയോ അറിവോ സമ്മതമോ ഇല്ലാതെ നിർമ്മിച്ച ഇലക്ട്രിക് ലൈൻ എനിക്ക് വീടു, പണിയേണ്ട ആവശ്യത്തിന് മാറ്റി സ്ഥാപിക്കുന്നതിന് ചെലവു വരുന്ന ഇത്രയും വലിയ ഒരു തുക (29024 രൂപ) അടവാക്കണമെന്ന് ആവശ്യപ്പെടുന്നത് സാമാന്യ നീതിക്ക് നിരക്കുന്നതല്ല. അതുകൊണ്ടാണ് ഇത് തികച്ചും ഒരു പ്രതേക കേസായി പരിഗണിച്ച് ലൈസൻസി സ്വന്തം ഉത്തരവാദിത്തത്തിൽ ലൈൻ മാറ്റി സ്ഥാപിക്കണമെന്ന് അപേക്ഷിച്ചിട്ടുള്ളത്.

5. KSERC 2014 ലെ 95th റഗുലേഷൻ എനിക്ക് ബാധകമായിട്ടുള്ളതല്ല. പ്രസ്തുത നിയമത്തിൽ പറയുന്നത് ഒരു ഉപഭോക്താവ് തന്റെ വസ്തുവിൽ നിലവിലുള്ള ഒരു കണക്ഷനു വേണ്ടി വലിച്ചിരിക്കുന്ന ഒരു ലൈൻ തന്റെ സൌകര്യാർത്ഥം മാറ്റുന്നതിനെ സംബന്ധിച്ചാണ്. എന്നാൽ

എന്റെ അപേക്ഷ, മറ്റു ചില ഉപഭോക്താക്കൾക്ക് കണക്ഷൻ നൽകുന്നതിനായി എന്റെ അറിവോ സമ്മതമോ കൂടാതെ എനിക്കവകാശപ്പെട്ട പറമ്പിലൂടെ വലിച്ച ലൈൻ മാറ്റുന്നതിനു വേണ്ടിയാണ്. അതിനാൽ KSERC റൂൾ 95(4) പ്രകാരം അനുശാസിക്കുന്ന നിബന്ധനകൾ പ്രകാരം തുക അടവാക്കുന്നതടക്കമുള്ള യാതൊരു കാര്യത്തിനും ഞാൻ ബാദ്ധ്യസ്ഥനല്ലാത്തതുമാണ്.

6. എന്റെ സ്ഥലത്തു നിന്നും നിലവിലെ ഇലക്ട്രിക് ലൈൻ മാറ്റി പുതിയ ലൈൻ സ്ഥാപിക്കുന്നതിനായി ഒന്നാം എതിർകക്ഷി എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. ഇതു സംബന്ധിച്ച് ഖണ്ഡിക 7 ൽ രണ്ടാമത്തെ ഭാഗത്ത് പ്രസാതാവിക്കുന്ന കാര്യങ്ങൾ ശരിയല്ല. Proposed electric line ൽ നിന്നും കണക്ഷൻ കൊടുക്കേണ്ട രണ്ട് ഉപഭോക്താക്കളുണ്ട് എന്നാണ് എതിർകക്ഷി പ്രസ്താവിച്ചിട്ടുള്ളത്. അതിൽ ആദ്യം വരുന്ന ഉപഭോക്താവായ ശ്രീ. പരമേശ്വരൻ (Con No.976) എന്നയാളുടെ പറമ്പിന്റെ പടിഞ്ഞാറു വശത്തുള്ള വഴിയിൽ കൂടി ലൈൻ വലിക്കുന്നതിനാണ് ഉദ്ദേശിച്ചിട്ടുള്ളത്. ഈ വ്യക്തിക്ക് പ്രസ്തുത വഴിയോടു ചേർന്നു കിടക്കുന്നതും വഴിയുടെ കിഴക്കുഭാഗത്തുള്ള അദ്ദേഹത്തിന്റെ അവകാശത്തിലുള്ളതുമായ പറമ്പിലൂടെ ലൈൻ വലിക്കുന്നതിന് സൗകര്യമുണ്ട്. രണ്ടാമത്തെ ഉപഭോക്താവിന് (Con No.12701) ഈ ലൈനിൽ നിന്നും കണക്ഷൻ നൽകാനും സാധിക്കുന്നതാണ്. അതിനാൽ വികലാംഗനായ പ്രസ്തുത വ്യക്തിക്ക് മുച്ചക്ര വാഹനം കൊണ്ടു പോകുന്നതിന് വഴിതടസ്സപ്പെടുത്താതെ തന്നെ മേൽ പറഞ്ഞ പറമ്പിന്റെ വശത്തുകൂടി ലൈൻ വലിക്കാവുന്നതാണ്. ഇത്തരത്തിൽ ഉപഭോക്താവിന്റെ തന്നെ സ്ഥലത്തു കൂടെ ലൈൻ വലിക്കുന്നതിന് സൗകര്യമുണ്ടായിരിക്കെ, ആയത് മറച്ചു വെച്ച് എന്റെ മതിലിനകത്ത് പോസ്റ്റ് സ്ഥാപിച്ച് വഴിയിലൂടെ ലൈൻ വലിക്കാമെന്ന ഒന്നാം എതിർകക്ഷിയുടെ പ്രസ്താവന ദുരുപദിഷ്ടമാണ്. ആയതിനാൽ മേൽപറഞ്ഞ പ്രകാരം നിലവിലുള്ള വഴിയിലൂടെ ലൈൻ വലിക്കുന്നതിന് എന്തെങ്കിലും പ്രയാസമുള്ള പക്ഷം ഉപഭോക്താവിന് അവകാശപ്പെട്ട Plot1 വസ്തുവിലൂടെ ലൈൻ വലിച്ച് കണക്ഷൻ നൽകാവുന്നതാണ്.

7. 20.03.2021 ന് ലൈൻ അറ്റകുറ്റപണികൾ നടത്തുന്നത് ഞാനോ എന്റെ അച്ഛനോ തടസ്സപ്പെടുത്തിയിട്ടില്ലാത്തതാണ്.

ഞാൻ KSERC 2014 റഗുലേഷൻ 2(6) പ്രകാരമുള്ള ഒരു അപേക്ഷകനല്ലാത്തതിനാലും റഗുലേഷൻ 2(26) പ്രകാരമുള്ള ഒരു "ഉപഭോക്താവ്" (consumer) അല്ലാത്തതിനാലും റഗുലേഷൻ 95 ലെ നിബന്ധനകൾ എനിക്ക് ബാധകമല്ലാത്തതാകുന്നു. അതിനാൽ തന്നെ റഗുലേഷൻ 5(4)(c) പ്രകാരം ലൈൻ മാറ്റി സ്ഥാപിക്കുന്നതിനുള്ള ചെലവ് വഹിക്കാൻ ഞാൻ ബാദ്ധ്യസ്ഥനല്ലാത്തതുമാണ്. അതുകൊണ്ട് ഇത് ഒരു പ്രത്യേക കേസായി പരിഗണിച്ച് നടപടികൾ സ്വീകരിക്കേണ്ടതാണ് എന്ന് എല്ലാ അപേക്ഷകളിലും ഞാൻ വിശദീകരിച്ചിട്ടുള്ളതുമാണ്.

8. മാറ്റി സ്ഥാപിക്കേണ്ടതായ ഇലക്ട്രിക് ലൈൻ സ്ഥിതി ചെയ്യുന്ന പറമ്പും ഗാർഹിക കണക്ഷൻ നിലനിൽക്കുന്ന പറമ്പും ഒരിക്കലും ഒന്നിച്ചു കിടന്നിരുന്നതോ ജോയിന്റ് പ്രോപ്പർട്ടിയോ ആയിരുന്നില്ല.
KSERC റഗുലേഷൻ 95 ന്റെ പരിധിയിൽ ഈ അപേക്ഷ ഉൾപ്പെടുന്നില്ല. രണ്ടു പറമ്പുകളും ഒന്നിച്ചു കിടന്നിരുന്നതിനാലാണ് സമ്മതപ്രതം ആവശ്യമില്ലാതിരുന്ന സാഹചര്യം ഉണ്ടായിരുന്നത് എന്നും അതിനാലാണ് സമ്മതപ്രതം വാങ്ങാതിരുന്നത് എന്നുമാണ് പ്രസ്താവിച്ചിട്ടുള്ളത്. എന്നാൽ പറമ്പുകൾ ഒരുമിച്ച് കിടന്നിരുന്നതോ ജോയിന്റ് പ്രോപ്പർട്ടിയോ ആയിരുന്നില്ല. എതിർകക്ഷിയുടെ സ്റ്റേറ്റ്മെന്റിൽ വ്യക്തമാക്കുന്ന കാര്യം ഒരുമിച്ചു കിടന്ന പറമ്പുകൾ ആയതിനാലാണ് ഗാർഹിക കണക്ഷൻ നൽകുമ്പോൾ ആയതിലേക്ക് ഇലക്ട്രിക് ലൈൻ വലിക്കുന്നതിന് അന്നത്തെ സ്ഥലം ഉടമയുടെ സമ്മതപത്രം വാങ്ങാതിരുന്നത് എന്നാണ്. ഈ രണ്ടു സ്ഥലങ്ങൾ ജോയിന്റ് പ്രോപ്പർട്ടി അല്ല എന്ന് ഇതുസംബന്ധിച്ച ആധാരങ്ങളിൽ നിന്ന് വ്യക്തമാണ്. അതുകൊണ്ടു തന്നെ നിയമം അനുശാസിക്കുന്ന സമ്മതപ്രതം ലഭ്യമാക്കാതെയാണ് ഈ സ്ഥലത്തിനു മുകളിലൂടെ വർഷങ്ങൾക്കു മുമ്പ് ഇലക്ട്രിക് ലൈൻ വലിച്ചിട്ടുള്ളത് എന്ന കാര്യം സുവ്യക്തമാണ്. ഇക്കാര്യം എതിർക്ഷി തന്നെ സമ്മതിക്കുന്നുമുണ്ട്. അതായത് നിയമപരമായ ഒരു നിബന്ധന പാലിക്കാതെയാണ് അന്ന് ലൈസൻസി ഈ ഇലക്ട്രിക് ലൈൻ വലിച്ചത് എന്നും വ്യക്തമാണ്. അത്തരത്തിൽ നിയമപരമല്ലാതെ ലൈസൻസി നടത്തിയ ഒരു പ്രവർത്തനഫലമായി എനിക്ക് നേരിട്ട പ്രയാസം ഇല്ലാതാക്കുന്നതിനുള്ള സാമ്പത്തിക ചെലവ് ഞാൻ വഹിക്കണം എന്ന് ആവശ്യപ്പെടുന്നത് അനീതിയാണ്. ആയത് നിയമപരമായി നിലനിൽക്കുന്നതുമല്ല. കാലപ്പഴക്കം ഇവിടെ ബാധകവുമല്ല.

9. ലൈൻ മാറ്റി സ്ഥാപിക്കുന്നതിനുള്ള ചെലവ് ഞാൻ വഹിക്കേണ്ടതാണ് എന്ന പ്രസ്താവന ശരിയല്ല.

ഇലക്ട്രിക് ലൈൻ മാറ്റി സ്ഥാപിക്കുന്നതിനുള്ള ചെലവ് അടവാക്കാമെന്ന് മുൻ അപേക്ഷകളിലൊന്നും തന്നെ ഞാൻ സമ്മതിച്ചിട്ടില്ലാത്തതാണ്.

മേൽ സൂചിപ്പിച്ച രണ്ട് ഉപഭോക്താക്കൾക്ക് (കൺ. നമ്പർ 976, 12701) ഇലക്ട്രിക് കണക്ഷൻ ലഭിച്ച സമയത്ത് ഇലക്ട്രിക് കണക്ഷൻ (ലോ ടെൻഷൻ) ഉടമ്പടി 6/5 Close 8 പ്രകാരം അന്നത്തെ ഉടമ്പടിയിൽ Property Crossing ഉള്ള സ്ഥലങ്ങളിൽ വലിക്കുന്ന ലൈൻ പിന്നീട് ഒരു ഘട്ടത്തിൽ വ്യതിചലിക്കേണ്ടി വന്നാൽ ആയതിന് വേണ്ടി വരുന്ന മുഴുവൻ ചെലവ് വഹിക്കാമെന്ന് ഉപഭോക്താക്കൾ സമ്മതിച്ച് ഒപ്പിട്ടിട്ടുള്ളതാണ്.

നിയമം അനുശാസിക്കുന്ന സമ്മതപത്രം ലഭ്യമാക്കാതെയാണ് എന്റെ സ്ഥലത്തു കൂടി ഇലക്ട്രിക് ലൈൻ വലിച്ചിരിക്കുന്നത്. ഇക്കാര്യം എതിർകക്ഷി സമ്മതിച്ചിട്ടുള്ളതാണ്.

## വിശകലനവും കണ്ടെത്തലുകളും

ഈ കേസിൽ വിശദമായ വാദം കേൾക്കൽ 26-06-2023-ന് രാവിലെ 10:30-ന് ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ, ഇലക്ട്രിക്കൽ സർക്കിൾ, കെ.എസ്. ഇ ബോർഡ് ലിമിറ്റഡ്, വൈദ്യുതിഭവനം, കോട്ടപ്പുറം റോഡ്, തൃശൂർ-4., ഓഫീസിൽ നടന്നു. പരാതിക്കാരന്റെ ഭാഗത്തുനിന്നും പരാതിക്കാരന്റെ പിതാവും നോമിനിയുമായ ശ്രീ സുബ്രഹ്മണ്യനും, എതിർ കക്ഷിയായ എടപ്പാൾ, ഇലക്ട്രിക്കൽ സബ്ഡിവിഷൻ, AEE -യും പങ്കെടുത്തു.

പരാതിക്കാരൻ സ്വന്തമായി വാങ്ങിയ 17 സെന്റ് സ്ഥലത്ത് വീട് നിർമ്മിക്കുന്നതിന് വേണ്ടി ആ വസ്തുവിലൂടെ പോയിരിക്കുന്ന 3 ഫേസ് ലൈൻ മാറ്റി സ്ഥാപിക്കുന്നതിന് വേണ്ടി ലൈസൻസിയെ സമീപിച്ചു. ഇപ്പോൾ നിലവിലുള്ള ത്രീ ഫേസ് ലൈൻ 40 വർഷങ്ങൾക്കു മുൻപ് തന്നെ നിലവിലുള്ളതാണ്. ഇതിൽ നിന്നും രണ്ട് ഉപഭോക്താക്കൾക്ക് കണക്ഷൻ കൊടുത്തിട്ടുണ്ട്. ഇതിലൊന്ന് 1979 ലും രണ്ടാമത് 2003 ലുമാണ് നൽകിയിട്ടുള്ളത്. പരാതിക്കാരൻ നൽകിയിട്ടുള്ള രേഖകൾ പ്രകാരം ഈ വസ്തു അദ്ദേഹം വാങ്ങിയിരിക്കുന്നത് ഫെബ്രുവരി 2016 ൽ ആണ്. ഇതിന്റെ മുന്നാധാരം നടന്നിരിക്കുന്നത് ഏപ്രിൽ 2014 ലാണ്. അതായത് ഈ വസ്തു പരാതിക്കാരന് നൽകിയ മുന്നാധാരക്കാരന് കിട്ടുന്നതിനു മുൻപുതന്നെ ഈ വൈദ്യുത ലൈൻ ഇവിടെ സ്ഥിതി ചെയ്തിരുന്നു. പരാതിക്കാരൻ വസ്തു വാങ്ങുമ്പോൾ നിലവിലുള്ള ലൈൻ മറ്റു തടസ്സങ്ങളും ഒക്കെ കണക്കിലെടുത്താണ് ഈ വസ്തു വാങ്ങിയിരിക്കുന്നത്. അതുകൊണ്ടുതന്നെ വസ്തു ഉടമയുടെ സമ്മതപത്രം ഇല്ലാതെ ലൈൻ വലിച്ചു എന്ന വാദം നിലനിൽക്കുന്നതല്ല. കൂടാതെ ഇത്രയും വർഷങ്ങൾക്കു മുൻപ് സ്ഥാപിച്ച ലൈന്റെ ഉടമസ്ഥാവകാശം ലൈസൻസിക്കാണ് കൂടാതെ ഇതൊരു deemed consent ആയി കണക്കാക്കാവുന്നതാണ്.

പരാതിക്കാരൻ പറയുന്നത് സപ്ലൈ കോഡ് സെക്ഷൻ 95 പ്രകാരമുള്ള പരാതിക്കാരൻ അല്ല എന്നാണ്. പരാതിക്കാർ ആരൊക്കെയാകാമെന്ന് KSERC Regulation (CGRF & Electricity Ombudsman) – 2005 -ലെ Section 2(e) ലും 2(g)ലും വ്യക്തമാക്കിയിട്ടുണ്ട്.

*2(e) "Complainant" means*

- *(i) any consumer of electricity supplied by the licensee including applicants for new connections*
- *(ii) a voluntary electricity consumer association /forum or other body corporate or group of electricity consumers.*
- *(iii) the Central Government or State Government – who or which makes the complaint*
- *(iv) in case of death of a consumer, his legal heirs or representatives.*

*2(g) "Consumer" means any person who is supplied with electricity for his own use by a licensee and includes any person whose premises are connected for the purpose of receiving electricity with the works of a licensee or a person whose electricity supply is disconnected by a licensee or the person who has applied for connection for receiving electricity from a licensee, as the case may be;*

ഇതുപ്രകാരം പരാതിക്കാരന് ഇത് ബാധകമാകുന്നു എന്നുകാണാം. CGRF, Electricity Ombudsman മുതലായ വൈദ്യുത തർക്കപരിഹാരസംവിധാനങ്ങൾ ഉപഭോക്താക്കളുടെയും പരാതിക്കാരുടെയും പരാതികൾക്ക് പരിഹാരമുണ്ടാക്കാൻ സ്ഥാപിതമായിട്ടുള്ളവയാണ്. Supply Code പ്രകാരം പരാതിക്കാരനല്ലെന്നുവന്നാൽ ഈ സംവിധാനങ്ങൾ ഇവിടെ ഈ പരാതിയിൽ ഉപയുക്തമല്ലാതെയാകുന്നു.

ഇവിടെ പരാതിക്കാരൻ സപ്ലൈ കോഡ് പ്രകാരം പരാതിക്കാരൻ ആണെന്ന് വരുന്നു. അങ്ങനെയാകുമ്പോൾ സപ്ലൈകോഡ് സെക്ഷൻ 95 ഇവിടെ ബാധകമാകുന്നു എന്നതാണ് തീരുമാനം.

"*Supply Code Section 95*

*(1) The owner of the land or his successor in interest who has given right of way for the construction of an existing electric line or electrical plant over, under, along, across in or upon the said land, may apply for shifting the electric line or electric plant to any other portion of his land for genuine purposes.*

*(2) The application for shifting the electric line or electrical plant shall be submitted in the local office of the licensee.*

*(3) On receipt of the application the licensee shall inspect the site and assess the technical feasibility of the proposed shifting.*

*(4) The application for shifting an electric line or electric plant shall be granted only if:-*

*(a) The proposed shifting is technically feasible*
*(b) The owner of the land or his successor in interest gives consent in writing to shift the electric line or electrical plant to any other portion of his land or to any other land owned by him: or any alternate right of way along any public path way available for shifting the electric line and the electrical plant:*
*(c) The applicant remits the labour charges required for shifting the electric line or electrical plant.*

*(5) The licensee shall shift the electric line or electric plant if the conditions specified in sub regulation (4) are complied with by the applicant".*

ഇവിടെ പരാതിക്കാരൻ സമ്മതപത്രം (consent) കൊടുത്തിട്ടില്ല എന്ന വാദത്തിൽ കഴമ്പില്ല. അദ്ദേഹം ഈ വസ്തുവാങ്ങുമ്പോൾ തന്നെ നിലവിലുള്ള ലൈൻ കണ്ടു ബോധ്യപ്പെട്ടിട്ടുള്ളതാണ്. അതായത് ലൈൻ ഉള്ള കാര്യം സമ്മതിച്ചാണ് ഈ വസ്തു വാങ്ങിയത്. ഈ അസൗകര്യം ബോധ്യപ്പെട്ടിട്ടാണ് വസ്തുവിന് വില നിശ്ചയിക്കുന്നത് പോലും. അത് സമ്മതപത്രം നൽകിയതിന് തുല്യമാണ്. അതായത് ഇവിടെ supply code 2014 Section 95 പൂർണ്ണമായി ബാധകമായിരിക്കുന്നു.

ഇത് പ്രകാരം ലൈൻ മറ്റേണ്ടതുണ്ടെങ്കിൽ അതിനു സാധിതമായ പുതിയ മാർഗം കണ്ടെത്തുകയും അതിനാവശ്യമായ സമ്മതപത്രം വാങ്ങിനൽകേണ്ടതും പരാതിക്കാരന്റെ ചുമതലയാണ്. കൂടാതെ ഈ ലൈൻ മാറ്റിസ്ഥാപിക്കുന്നതിനാവശ്യമായ ചെലവ് വഹിക്കേണ്ടതും പരാതിക്കാരൻ തന്നെയാണ്.

## തീരുമാനം

സമർപ്പിച്ച രേഖകൾ പരിശോധിച്ച്, പരാതിക്കാരന്റെയും എതിർകക്ഷിയുടെയും വാദം കേൾക്കുകയും, മുകളിൽ സൂചിപ്പിച്ച വിശകലനത്തിൽ നിന്ന് ഇനിപ്പറയുന്ന തീരുമാനം എടുക്കുകയും ചെയ്യുന്നു.

1. CGRF-ന്റെ ഉത്തരവ് പൂർണമായും ശരിവെക്കുന്നു
2. മറ്റുചിലവുകളൊന്നും അംഗീകരിച്ചിട്ടില്ല.

**ഇലക്ട്രിസിറ്റി ഓംബുഡ്സ്മാൻ**

P/029/2023/ തിയതി: 02/08/2023.

**അയക്കുന്നത്:**

1. സുഷാദ് പി, പുളിക്കത്തറ, കല്ലൂർമ, നന്നമുക്ക് സൗത്ത് പി.ഒ, മലപ്പുറം ജില്ല.
2. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, ഇലക്ട്രിക്കൽ സബ് ഡിവിഷൻ, കെ. എസ്. ഇ. ബി ലിമിറ്റഡ്, എടപ്പാൾ, മലപ്പുറം.

**പകർപ്പ് സമർപ്പിക്കുന്നത്:**

1. സെക്രട്ടറി, കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷൻ, KPFC ഭവനം, വെള്ളയമ്പലം, തിരുവനന്തപുരം -10
2. സെക്രട്ടറി, കെ.എസ്.ഇ.ബി ലിമിറ്റഡ്, വൈദ്യുതി ഭവനം, പട്ടം, തിരുവനന്തപുരം- 4
3. ചെയർപേഴ്സൺ, CGRF, വൈദ്യുതി ഭവനം, കെ.എസ്.ഇ.ബി ലിമിറ്റഡ്, ഗാന്ധി റോഡ്, കോഴിക്കോട് - 673011